കലാമണ്ഡലം നാലു വർഷ ബിരുദ കോഴ്സ് പുനഃസംഘടിപ്പിക്കുന്നു:

തനത് പഠനരീതി സംരക്ഷിക്കാൻ നടപടി

KAUMUDI IMPACT

▶ മനോജ് തൈക്കാട്ട്

ചെറുതുരുത്തി: കേരളകലാമണ്ഡലത്തിൽ നടപ്പിലാക്കിയ പുതിയ നാല് വർഷ ബിരുദ പാഠ്യപദ്ധതിയുടെ ഘടന പുനഃപരിശോധിക്കാനും കോഴ്സ് സമഗ്രമായിത്തന്നെ പൊളിച്ചെഴുതാനും അധികൃതർ നടപടിയെടുത്തു. വിഷയവിദഗ്ധരുടെ അഭിപ്രായങ്ങളോ വേണ്ടത്ര അക്കാദമിക് ചർച്ചകളോ ഇല്ലാതെയാണ് പുതിയ പാഠ്യപദ്ധതി നടപ്പാക്കിയതെന്നതെങ്ങനെയുള്ള ഗുരുതരമായ പിഴവുകളിലേക്കാണ് നയിച്ചതെന്നുള്ളതിന്റെ തെളിവുകൾ കൗമുദി പുറത്തുകൊണ്ടുവന്നതിന്റിപിന്നാലെയാണ് നടപടി. അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽനിന്നും ഉയർന്ന ആശങ്കകളുടെ പശ്ചാത്തലത്തിൽ ചേർന്ന വകുപ്പുതലയോഗങ്ങളുടെയാണ് തീരുമാനം. തനത് ഗുരുകുലസമ്പ്രദായവും പരമ്പരാഗത പഠിശീലനരീതികളും സംരക്ഷിക്കപ്പെടണമെന്ന അഭിപ്രായത്തിലാണ് ഭൂരിപക്ഷവും. എന്നാൽ ഈ പ്രത്യേകതകളെ ദുർബലപ്പെടുത്തുന്ന മറ്റ് നാടകങ്ങൾക്കുള്ള പ്രാധാന്യം കുറയ്ക്കുന്ന പുതിയ പാഠ്യപദ്ധതിയിൽ നിർബന്ധിതമായി ഉൾപ്പെടുത്താൻ നീക്കമുണ്ടെന്ന ആശങ്കയും ഉയർന്നിട്ടുണ്ട്.

പൊതുചർച്ച വേണമെന്ന് ആവശ്യം

- ശാസ്ത്രീയ കലാരംഗത്തെ പ്രഗല്ഭരായ വിദഗ്ധരെയും ആചാര്യന്മാരെയും ഉൾപ്പെടുത്തി വിശദമായ പഠനം നടത്തുക.
- മാറ്റങ്ങൾ വരുത്തുന്നതിന് മുൻപ് സുതാര്യവും വിശ്വാസയോഗ്യവുമായ പൊതുചർച്ചകൾ സംഘടിപ്പിക്കുക.
- അക്കാദമിക് നിലവാരം ഉയർത്തുമ്പോഴും കലാമണ്ഡലത്തിന്റെ തനതായ സമ്പത്തിന് കോട്ടം തട്ടാത്ത രീതിയിലായിരിക്കണം പാഠ്യരീതി കാരം നടപ്പാക്കേണ്ടത്.

കേരളകൗമുദി

■ കലാമണ്ഡലത്തിലെ നാലുവർഷ ബിരുദം

ആശങ്കയായി കലാപഠനം

KAUMUDI FOCUS

പുലികളിക്ക് കേന്ദ്ര ധനസഹായം: രണ്ടുദിവസത്തിനകം തീരുമാനമെന്ന് സുരേഷ് ഗോപി

തൃശ്ശൂർ: പുലികളിക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഒരു വർഷമായിട്ടും ലഭിച്ചില്ലെന്ന പരാതിയെത്തുടർന്ന് കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപി പുലികളി സംഘം കൂട്ടായ്മാവേദി കളക്ടറിമായി ലയത്തിൽ ചർച്ച നടത്തി. ഇക്കലഭിക്കാത്തതിലെ സാങ്കേതിക തടസ്സങ്ങൾ ചർച്ചയിലെ കേന്ദ്ര റിസോഴ്സ് വകുപ്പധികൃതരെ ഫോണിൽ വിളിച്ച് ചോദിച്ചറിഞ്ഞ മന്ത്രി, ഇക്കാര്യമാക്കണ്ണ കാര്യത്തിൽ രണ്ട് ദിവസത്തിനകം കൃത്യമായ മറുപടി നൽകാമെന്ന് സംഘങ്ങൾക്ക് ഉറപ്പ് നൽകി.

നിലവിലെ ഫണ്ട് നൽകാൻ തടസ്സമുണ്ടായാൽ അടുത്ത പുലികളിക്കുള്ള ഇക്ക വർഷമിഷിച്ച് നൽകാമെന്നും അറിയിച്ചു. അടുത്ത പുലികളിക്കാലുള്ള അപേക്ഷ രണ്ടു ദിവസത്തിനകം സമർപ്പിക്കാൻ മന്ത്രി നിർദ്ദേശിച്ചു. ഒരു മണിക്കൂറോളം നീണ്ട ചർച്ചയിൽപ്രതീക്ഷയുണ്ടെന്നും ഭാരവാഹികൾ വ്യക്തമാക്കി.

ചതയം ദിനത്തിൽ ശിവഗിരിയിൽ ഭക്തജനത്തിരക്ക്

ശിവഗിരി: ഇന്നലെ ചതയദിനത്തിൽ ശിവഗിരി മഠത്തിൽ വൻ ഭക്തജനത്തിരക്ക്അനുഭവപ്പെട്ടു. സംഘാനന്ദിന്റെ വിഗ്രഹത്തിൽ ചതയദിനത്തിൽ ഗുരുദേവൻ ചാർത്തിയ ചന്ദനം ചാർത്തുന്ന ചടങ്ങിൽ ആയിരക്കണക്കിന് ഭക്തർ മഹാസമാധിക്കുമുന്നിൽ ഗുരുദേവന്റെ ജന്മദിനമായ ചതയദിനത്തിൽ ഗുരുദേവൻ ഉപയോഗിച്ച ഉടുമുണ്ടുകൾ